**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2560** 12.02.2019 **-ലെ മറുപടിക്ക്**

**<u>മാതൃകാ കോളനികളാക്കി മാറ്റുന്ന പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എം. രാജഗോപാലൻ</td><td colspan="2">ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാസർകോഡ് ജില്ലയിൽ ഏതൊക്കെ പട്ടികജാതി/ പട്ടികവർഗ്ഗ സങ്കേതങ്ങളാണ് മാതൃകാ കോളനികളാക്കി മാറ്റുന്നതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>കാസർഗോഡ് ജില്ലയിൽ നിന്നും 10 കോളനികൾ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>
<table>
<tr><th>ക്രമ നം.</th><th>കോളനിയുടെ പേര്</th><th>നിയോജക മണ്ഡലം</th></tr>
<tr><td>1</td><td>ചാതോത്ത് ചക്ലിയ കോളനി</td><td rowspan="2">കാഞ്ഞങ്ങാട്</td></tr>
<tr><td>2</td><td>രാവണേശ്വരം സെറ്റിൽമെന്റ് കോളനി</td></tr>
<tr><td>3</td><td>മാച്ചിക്കാട് കോളനി</td><td rowspan="2">തൃക്കരിപ്പൂർ</td></tr>
<tr><td>4</td><td>ആനിക്കാടി കോളനി</td></tr>
<tr><td>5</td><td>ബന്തിയോട് കോളനി</td><td rowspan="2">മഞ്ചേശ്വരം</td></tr>
<tr><td>6</td><td>കജമ്പാടി കോളനി</td></tr>
<tr><td>7</td><td>ഉളുമ്പാടി കോളനി</td><td rowspan="2">ഉദുമ</td></tr>
<tr><td>8</td><td>ദേവരടുക്ക കോളനി</td></tr>
<tr><td>9</td><td>കല്ലക്കട്ട കോളനി</td><td rowspan="2">കാസർഗോഡ്</td></tr>
<tr><td>10</td><td>ബാറഡ്ക്ക കോളനി</td></tr>
</table>
പട്ടികവർഗ്ഗ വികസന വകുപ്പ് കാസർഗോഡ് ജില്ലയിൽ മാതൃകാ കോളനികൾ നടപ്പാക്കിയിട്ടില്ല</td></tr>
</table>

| | | | |
|---|---|---|---|
| (ബി) | ഇത്തരം മാതൃകാ കോളനികളുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവയുടെ നിർവ്വഹണ പുരോഗതിയും പട്ടികജാതി കോളനികളിലെ എത്ര ശതമാനമാണ് പൂർത്തീകരിച്ചതെന്നും ഈ പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പ്രവൃത്തിയുടെ വിവരം |
|---|---|
| 1 | **കല്ലക്കട്ട കോളനി (എസ്റ്റിമേറ്റ്- 93,04,000/-)** - ബഹു.എം.എൽ.എ. പ്രവൃത്തി 24.09.2018-ന് ഉദ്ഘാടനം ചെയ്തു. ഡ്രൈനേജ് കമ്മ്യൂണിറ്റിഹാൾ നവീകരണം എന്നിവയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിരിക്കുന്നു. ബോർവെൽ പ്രവൃത്തി പൂർത്തീകരിച്ചു. റോഡിന്റെ പ്രവൃത്തി നടന്നു വരുന്നു. |
| 2 | **ചയ്യോത്ത് ചക്ലിയ കോളനി (എസ്റ്റിമേറ്റ്-99,06,672/-)** - ബഹു: റവന്യൂ മന്ത്രി 04.07.2018-ന് ഉദ്ഘാടനം ചെയ്തു. വിജ്ഞാൻ വാടിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 3 | **ബന്തിയോട് കോളനി (എസ്റ്റിമേറ്റ് 98,96,347/-)**- ബഹു. മഞ്ചേശ്വരം എം.എൽ.എ 17.09.2018-ന് ഉദ്ഘാടനം നിർവ്വഹിച്ചു. 3 വീടുകളുടെ മെയിന്റനൻസ് പൂർത്തിയായി. 14 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയായി. |
| 4 | **ബാറഡുക്ക കോളനി (എസ്റ്റിമേറ്റ് 66,03,074/-)** ബഹു.എം.എൽ.എ 27.09.2018-ന് ഉദ്ഘാടനം നിർവ്വഹിച്ചു. 20 വീടുകളുടെ മെയിന്റനൻസ് നടന്നു വരുന്നു |
| 5 | **കജംപാടി കോളനി (എസ്റ്റിമേറ്റ് - 93,03,472/-)** - ബഹു.എം.എൽ.എഎ 27.09.2018-നു ഉദ്ഘാടനം നിർവ്വഹിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2 വീടിന്റെ മെയിന്റനൻസ് പൂർത്തിയായി. 18 വീടുകളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയായി. ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിച്ചു. |
| 6 | **രാവണേശ്വരം സെറ്റിൽമെന്റ് കോളനി** - നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല |
| 7 | **ഉജംപാടി കോളനി (എസ്റ്റിമേറ്റ്-1,00,00,000/-)** -എസ്റ്റിമേറ്റിൽ 76,75,000/- രൂപ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനുമാത്രം നീക്കി വച്ചതിനാൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ മാറ്റം വരുത്തണമെന്നും വീടുകളുടെ മെയിന്റനൻസിനും മറ്റും ഉൾപ്പെടുത്തിയ തുക അപര്യാപ്തമാണെന്നും ബഹു.എം.എൽ.എ അറിയിച്ചതിനെ തുടർന്ന് ടി പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് അടിയന്തിരമായി സമർപ്പിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 8 | **ദേവറടക്ക കോളനി** - ടി കോളനിയെ പദ്ധതി പ്രകാരം ഉൾപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും കോളനിയിലെ കുടുംബങ്ങളുടെ എണ്ണം റിപ്പോർട്ട് ചെയ്യാത്തതിനാൽ അംഗീകാരം നൽകിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 9 | **മാച്ചിക്കാട് കോളനി (എസ്റ്റിമേറ്റ്-67,38,000/-)** നിർമ്മിതി കേന്ദ്രം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിലെ വീട് മെയിന്റനൻസ് പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റി അറിയിച്ചതിനെ തുടർന്ന് 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകളെ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ആയതിനുള്ള അപേക്ഷ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. |
| 10 | **ആനിക്കാടി കോളനി** (എസ്റ്റിമേറ്റ് -98,96,797/-) - ബഹു.എം.എൽ.എ 06.10.2018-ന് ഉദ്ഘാടനം നിർവ്വഹിച്ചു. 5 വീടുകളുടെ മെയിന്റനൻസ് നടന്നു വരുന്നു. |

ജില്ലാ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ 6 മാസത്തിനകം പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ